# 270

എൻപേർക്കായ് ജീവൻ വയ്ക്കും പ്രഭോ! നിന്നെ
എന്നുമീ ദാസനോർക്കും

1 നിൻ കൃപയേറിയ വാക്കിൻ പ്രകാരമി-
അത്യന്ത താഴ്മയോടെ -എന്റെ
വൻകടം തീർപ്പാൻ മരിക്കും പ്രഭോ! നിന്നെ
എന്നുമീ ദാസനോർക്കും--

2 എന്നുടെ പേർക്കായ് നുറുങ്ങിയ നിന്നുടൽ
സ്വർഭോജ്യമത്രേ മമ - നിന്റെ
പൊന്നുനിയമത്തിൻ പാത്രമെടുത്തിപ്പോൾ
നിന്നെ ഞാനോർക്കുന്നിതാ--

3 ഗത്സമനേയിടം ഞാൻ മറന്നിടുമോ
നിൻവ്യഥയൊക്കെയെയും - നിന്റെ
സങ്കടം രക്തവിയർപ്പെന്നിവയൊരു
നാളും മറക്കുമോ ഞാൻ--

4 എന്നുടെ കണ്ണുകൾ കാൽവറിയിങ്കലെ
ക്രൂശിന്നു നേർ തിരിക്കേ - എന്റെ
പൊന്നുബലിയായ ദൈവകുഞ്ഞാടിനെ
യോർക്കാതിരിക്കുമോ ഞാൻ--

5 നിന്നെയും നിന്റെ വ്യഥകളെയും നിന്റെ
സ്നേഹമെല്ലാറ്റെയും ഞാൻ - എന്റെ
അന്ത്യമാം ശ്വാസമെടുക്കും വരെയ്ക്കുമീ
സാധുവോർത്തിടുമെന്നും--

6 നിന്നുടെ രാജ്യത്തിൽ നീ വരുമ്പോളെന്നെ
നീയോർത്തിടും സമയേ - നിന്റെ
വൻകൃപ പൂർണ്ണമായ് ഞാനറിയും തവ
രൂപത്തോടേകമാകും--

**K.V.S**